**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **15-03-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ അധ്യാപകനെതിരെ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ അധ്യാപകനെതിരെ ലൈംഗിക അതിക്രമ പരാതി ലഭിച്ചിരുന്നോ; | (എ) | ലഭിച്ചിരുന്നു. |
| (ബി) | അദ്ധ്യാപകനിൽ നിന്ന് നേരിട്ട മാനസിക ശാരീരിക ചൂഷണങ്ങളെക്കുറിച്ച് ഉൾപ്പെടെ പരാതിപ്പെട്ടുവെങ്കിലും സർക്കാരിന്റെ ഭാഗത്ത് നിന്നും വേണ്ട നടപടിയുണ്ടായില്ലെന്ന വിദ്യാർത്ഥികളുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പരാതി ലഭിച്ച ഉടനെ തന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാലയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. |
| (സി) | അദ്ധ്യാപകനെതിരെ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ വിദ്യാർഥികൾ സമരം നടത്തിയത് ഗൗരവമായി കാണുന്നുണ്ടോ; | (സി) | ഈ വിഷയം ഗൗരവമായി കണ്ടുകൊണ്ട് പരാതി ലഭിച്ച ഉടൻ സമയബന്ധിതമായി അദ്ധ്യാപകനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അദ്ധ്യാപകനെതിരെ വകുപ്പുതല അന്വേഷണവും നടപടിയും എടുക്കാൻ തയ്യാറാകുമോ; വിദ്യാർത്ഥിനിയുടെ പരാതി ലഭിച്ച ശേഷവും അദ്ധ്യാപകനെതിരെ നടപടി എടുക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകനെതിരെയുള്ള പരാതി 24.02.2022-ന് കാലിക്കറ്റ് സർവ്വകലാശാലയിൽ ലഭിക്കുകയും, അന്നേ ദിവസം തന്നെ ഡിപ്പാർട്ട്മെന്റ് കൗൺസിൽ ഓൺലൈനായി യോഗം ചേർന്ന് കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 25.02.2022-ന് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട സ്റ്റുഡന്റ്സ് ഗ്രീവൻസ് സെൽ യോഗം ചേർന്ന് ബന്ധപ്പെട്ടവരിൽ നിന്നും മൊഴി എടുക്കുകയും തുടർന്ന് ടി അധ്യാപകനെതിരെ നടപടിക്ക് ശിപാർശ ചെയ്യുകയുമുണ്ടായി. ആയതിന്റെ തുടർച്ചയായി ടി അധ്യാപകനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് 28.02.2022-ന് യൂണിവേഴ്സിറ്റി നടപടിക്രമങ്ങൾ പിന്തുടർന്നുകൊണ്ട് ഉത്തരവിറക്കുകയും പരാതി പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ 05.03.2022 ന് ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് മേൽ പരാതിയുടെ അടിസ്ഥാനത്തിൽ വിഷയം ചർച്ച |

| | | | |
|---|---|---|---|
| | | | ചെയ്യുകയും, ഇക്കാര്യത്തി ലുള്ള തുടർ നടപടികൾക്കായി വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പ്രൊ-വൈസ് ചാൻസലറും ആറ് സിൻഡിക്കേറ്റ് അംഗങ്ങളും ചേർന്നുള്ള ഒരു സമിതിയെ തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുന്നതിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മേൽ സെന്ററിൽ മുഴുവൻ സമയ ഡയറക്ടറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായുള്ള നടപടികൾക്ക് വൈസ് ചാൻസലറെ സിൻഡിക്കേറ്റ് ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ